"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - കോഴിക്കോട് ജില്ല - കൊടുവള്ളി നിയോജക മണ്ഡലത്തിലെ ആരാമ്പ്രം, ജി.എം.യു.പി.എസ് - ന് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3617/2023/GEDN  തീയതി,തിരുവനന്തപുരം, 18-06-2023

---

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. കോഴിക്കോട് ജില്ലാ കളക്ടറുടെ 08/08/2022 ലെ ആർ.ഡി 3/1876/2022 നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/04/2023,3/6/23 എന്നീ തിയതികളിലെ ബി2/5662/2023/ഡിജിഇ നമ്പർ കത്ത്

### ഉത്തരവ്

ബഹു. കൊടുവള്ളി നിയോജക മണ്ഡലം എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ (2021-2022) നിന്നും ആരാമ്പ്രം, ജി.എം.യു.പി.എസ് - ന് 4202-01-800-84- project under LAC-ADS other project — NP എന്ന ശീർഷകത്തിൽ നിന്നും 15,76,594/- രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ GEM Portal വഴി വാഹനം Purchase ചെയ്തിട്ടുണ്ടെന്നും ആയതിനാൽ വാഹനം വാങ്ങുന്നതിന് ചെലവായ 12,87,246/- രൂപ അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ട് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു . പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി നിയോജക മണ്ഡലത്തിലെ ആരാമ്പ്രം, ജി.എം.യു.പി.എസ് - ന് സ്കൂൾ ബസ് വാങ്ങിയതിന് ചെലവായ 12,87,246/- (പന്ത്രണ്ട് ലക്ഷത്തി എൺപത്തിഏഴായിരത്തി ഇരുന്നൂറ്റി നാല്പത്തിആറ് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84-Projects under LAC ADS — other Projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.3617/2023/GEDN

ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം

ജില്ലാ കളക്ടർ,കോഴിക്കോട്

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

ധനകാര്യ വകുപ്പ്

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 21-06-2023 10:37:21
സെക്ഷൻ ഓഫീസർ